വരുന്നുണ്ട്. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ ഇന്ററാക്ടീവ് പുസ്തകങ്ങളുടെ സ്ക്രിപ്റ്റ് തയ്യാറാക്കി പുസ്തകം പ്രസിദ്ധീകരിക്കുന്ന നടപടി പൂർത്തീകരിച്ചുവരികയാണ്. പുരാരേഖ വകുപ്പിന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് സ്വാതന്ത്ര്യസമര ചരിത്ര മ്യൂസിയത്തിന്റെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. പുരാരേഖ വകുപ്പിന്റെ കീഴിലുള്ള വട്ടിയൂർക്കാവിലെ സ്വാതന്ത്ര്യസമര മെമ്മോറിയൽ നിർമ്മാണം അന്തിമഘട്ടത്തിലാണ്. പുരാവസ്തു വകുപ്പിന്റെ കീഴിൽ എറണാകുളം, തൃശ്ശൂർ, വയനാട്, തിരുവനന്തപുരം എന്നീ ജില്ലാതല മ്യൂസിയങ്ങളുടെ നിർമ്മാണ പദ്ധതികളും കേന്ദ്രസഹായത്തോടെ നെടുമങ്ങാട് കോയിക്കൽ കൊട്ടാരം മ്യൂസിയം, ഹിൽപാലസ് മ്യൂസിയം, കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയം എന്നിവയുടെ നവീകരണ പദ്ധതികളും ആരംഭിച്ചിട്ടുണ്ട്. മറ്റ് പദ്ധതികളുടെ രൂപരേഖ ബന്ധപ്പെട്ട സ്ഥാപനങ്ങൾ തയ്യാറാക്കിയിട്ടുള്ളതും ആയത് സമയബന്ധിതമായി പൂർത്തിയാക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചു വരികയുമാണ്.

രാജാരവിവർമ്മ സ്മാരക നിർമ്മാണം

83 (1483) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂരിൽ രാജാരവിവർമ്മ സ്മാരക നിർമ്മാണത്തിനായി ലളിതകലാ അക്കാദമി ഇതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും, ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ ;

(ബി) ഏത് ഏജൻസിയാണ് നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതെന്നും ഇതുവരെ ഏതെല്ലാം തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ ;

(സി) കേന്ദ്ര സഹായം അഭ്യർത്ഥിച്ചുകൊണ്ട് സാംസ്കാരിക വകുപ്പോ ലളിതകലാ അക്കാദമിയോ രൂപരേഖ സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച നടപടി ക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ഡി) സ്മാരകത്തെ അന്തർദ്ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) കിളിമാനൂർ രാജാരവിവർമ്മ സ്മാരക നിർമ്മാണത്തിന് സർക്കാർ 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി കേരള ലളിതകലാ അക്കാദമിയുടെ പദ്ധതി വിഹിതത്തിൽനിന്നും 1,26,81,213 രൂപയും ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തിരുവനന്തപുരത്തെ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പാണ് നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നത്. ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങളിൽ കോമ്പൗണ്ട് വാൾ, ഗേറ്റ് വേ, രണ്ട് മണ്ഡപങ്ങൾ, പുനരുദ്ധാരണ ജോലികൾ, ആംഫി തിയേറ്റർ, പുറമേയുള്ള വൈദ്യുതീകരണം, കുട്ടികളുടെ കളിസ്ഥലം, ലാന്റ് സ്കേപ്പിംഗ് എന്നിവയാണ് ചെയ്തത്. രണ്ടാം ഘട്ടത്തിൽ രാജാരവിവർമ്മ ആർട്ട് ഗ്യാലറിയും മ്യൂസിയവും അടങ്ങുന്ന പ്രധാന കെട്ടിടത്തിന്റെ പണി പൂർത്തിയാക്കി സന്ദർശനയോഗ്യമാക്കിയിട്ടുണ്ട്.

(സി) കേന്ദ്ര സാംസ്കാരിക മന്ത്രാലയത്തിനും കേന്ദ്ര ലളിതകലാ അക്കാദമിക്കും സഹായം അഭ്യർത്ഥിച്ചുകൊണ്ട് ശിപാർശ സമർപ്പിച്ചിരുന്നുവെങ്കിലും പരിഗണിക്കാത്തതിനാൽ, വീണ്ടും 2 കോടി രൂപയുടെ ധനസഹായം ആവശ്യപ്പെട്ട് പദ്ധതി നിർദ്ദേശങ്ങളും എസ്റ്റിമേറ്റും സമർപ്പിച്ചിട്ടുണ്ട്. എന്നാൽ അനുകൂല നടപടികൾ ഉണ്ടായിട്ടില്ല.

(ഡി) സ്മാരകത്തെ അന്തർദ്ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ സാംസ്കാരിക നിലയത്തെ ടൂറിസം ഭൂപടത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സാംസ്കാരിക നിലയത്തിൽ ചിത്രശിൽപ്പ കലകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിലൂടെ സ്മാരകം അന്തർദ്ദേശീയ നിലവാരത്തിലേക്ക് ഉയർത്തുവാനാണ് ലക്ഷ്യമിടുന്നത്.

ശങ്കർ സ്മാരക ദേശീയ കാർട്ടൺ മ്യൂസിയം

84 (1484) <u>ശ്രീ. സി. കെ. സദാശിവൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി കൃഷ്ണപുരം ശങ്കർ സ്മാരക ദേശീയ കാർട്ടൺ മ്യൂസിയം ദേശീയപാതയിലുള്ള സൈൻ ബോർഡുകളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി ദേശീയപാതയിലെ സൈൻ ബോർഡുകളിൽ 'കൃഷ്ണപുരം ശങ്കർ സ്മാരക ദേശീയ കാർട്ടൺ മ്യൂസിയം' എന്നതുകൂടി ഉൾപ്പെടുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly